കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ
# ഓഡിറ്റ് റിപ്പോർട്ട്
# 2022-23


ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ : dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.12/69/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ-676505
ഫോൺ : 0483 2734951
ഇ-മെയിൽ : dompm.ksad@kerala.gov.in
തീയ്യതി : 04.03.2024

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

കറസ്പോണ്ടന്റ്
തുഞ്ചൻ സ്മാരക ട്രസ്റ്റ്
തുഞ്ചൻപറമ്പ്, തിരൂർ – 676101

സർ,

വിഷയം :- മലപ്പുറം ജില്ലയിലെ തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂരിന്റെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

............................................

മലപ്പുറം ജില്ലയിലെ തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂരിന്റെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (cru.ksad@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ)
2. ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം. (keralaculture@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ)
3. ജോയിന്റ് സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്, തിരുവനന്തപുരം. (rajesh101147@kerala.gov.in/ rajeshcrachana@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ)
4. കാര്യാലയപ്രതി

എം.എ.3/2024

കെ.എസ്.എ.എം.പി.എം.12/69/2024 തീയ്യതി : 04.03.2024

**മലപ്പുറം ജില്ലയിലെ തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂരിന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാം വകുപ്പ്, 1991ലെ കേരള പബ്ലിക്ക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ചട്ടങ്ങളിലെ ചട്ടം 108, ചാപ്റ്റർ 5 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

| | | |
|---|---|---|
| 1. | ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| 2. | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ<br>2. ശ്രീമതി. സുജിത. പി. കെ, ഓഡിറ്റർ |
| 3. | ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2024 മുതൽ 10.01.2024 വരെ |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് ചെയ്ത കണക്കുകൾ.

തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ കെട്ടിടങ്ങളുടെയും പരിസരത്തിന്റെയും മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും സംരക്ഷണത്തിനായി തയ്യാറാക്കിയ നിയമാവലിയ്ക്ക് വിധേയമായി 2022-23 വർഷത്തെ വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചു.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) വകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ (ജൂലൈ 31നകം) കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ സ്ഥാപനം 2022-23 വർഷത്തെ കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചത് 21.12.2023ന് മാത്രമാണ്. വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

### 1-2 ഭരണസമിതി

<u>ചെയർമാൻ :</u>
ശ്രീ. എം. ടി. വാസുദേവൻ നായർ

<u>സെക്രട്ടറി :</u>
ശ്രീ. പി. നന്ദകുമാർ (എം.എൽ.എ)

<u>മെമ്പർമാർ</u>

1. ഡോ. ചാത്തനാത്ത് അച്യുതനുണ്ണി
2. ഡോ. എം. എം. ബഷീർ
3. ശ്രീ. പി. കൃഷ്ണൻകുട്ടി
4. ഡോ. അനിൽ വള്ളത്തോൾ
5. ശ്രീ. സി. ഹരിദാസ് (എക്സ്. എം.പി)
6. ശ്രീ. ആലങ്കോട് ലീലാകൃഷ്ണൻ
7. ഡോ. കെ. മുരളീധരൻ
8. ശ്രീ. മണമ്പൂർ രാജൻബാബു
9. ശ്രീ. പി. കെ. ഗോപി
10. ഡോ. എം. ആർ. രാഘവ വാര്യർ
11. ഡോ. എം. എൻ. കാരശ്ശേരി
12. ശ്രീ. വൈശാഖൻ

<u>എക്സ് ഒഫീഷ്യോ മെമ്പർമാർ</u>

1. ജില്ലാ കളക്ടർ, മലപ്പുറം
2. ചെയർമാൻ, തിരൂർ നഗരസഭ
3. എം.എൽ.എ, തിരൂർ നിയമസഭാ മണ്ഡലം
4. സെക്രട്ടറി, തിരൂർ നഗരസഭ.

1-3 ട്രസ്റ്റ് ബോർഡ് യോഗം

05.04.2022, 09.07.2022, 10.09.2022, 17.11.2022, 11.01.2023 എന്നീ തീയ്യതികളിലായി ആകെ 5 യോഗങ്ങൾ ഓഡിറ്റ് വർഷം ചേർന്നിട്ടുണ്ട്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

| ഉത്തരവ് നമ്പർ/തീയതി | തുക (₹) | ഇനം | വരവ് വെച്ച തീയതി/ ബാങ്ക് |
|---|---|---|---|
| സ.ഉ.(സാധാ)നം.600/2022/CLAD തീ.20.10.2022 | 43,00,000 | പദ്ധതിയേതര ഗ്രാന്റ് | 03.11.2022, തിരൂർ സബ് ട്രഷറിയിലെ എസ്.ടി.എസ്.ബി A/c 799011400005566 |

2-2 സ്ഥിര നിക്ഷേപങ്ങൾ

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 40,63,200 |
| തൻവർഷ നിക്ഷേപം (+) | 20,00,000 |
| ആകെ | 60,63,200 |
| തൻവർഷം പിൻവലിച്ചത് (-) | 40,00,000 |
| നീക്കി ബാക്കി | 20,63,200 |

**നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ**

| ക്രമ നം. | വിശദവിവരങ്ങൾ | തുക(₹) | ഉദ്ദേശ്യം | റിമാർക്സ് |
|---|---|---|---|---|
| 1 | തിരൂർ അർബൻ സഹകരണ ബാങ്കിൽ 29.01.2013 ന് 10 വർഷത്തേക്ക് നിക്ഷേപം, നമ്പർ: FDOTH91997* | 22,200 | സാഹിത്യ ക്വിസ്സ് (JCI Endowment Prize) | തിരൂർ അർബൻ സഹകരണ ബാങ്കിൽ 29.01.2013 ന് 10 വർഷത്തേക്ക് നിക്ഷേപിച്ച (നമ്പർ: FDOTH91997) 22,200 രൂപയുടെ നിക്ഷേപകാലാവധി 29.01.2023 ന് അവസാനിച്ചു. സ്ഥിര നിക്ഷേപം തിരിച്ച് വാങ്ങുകയോ പുതുക്കുകയോ ചെയ്യേണ്ടതാണ്. |
| 2 | തിരൂർ അർബൻ സഹകരണ ബാങ്കിൽ 06.02.2021 ന് 10 വർഷത്തേക്ക് നിക്ഷേപം, നമ്പർ: 2202113091834/6 | 15,000 | സാഹിത്യ ക്വിസ്സ് (JCI Endowment Prize) | |
| 3 | തിരൂർ അർബൻ സഹകരണ ബാങ്കിൽ 27.03.2023ന് 12 മാസത്തേക്ക് നിക്ഷേപം, നമ്പർ: 113/91834/8 | 20,00,000 | പ്രത്യേക ലക്ഷ്യമില്ല | പ്രസ്തുത സ്ഥിര നിക്ഷേപത്തിൻമേൽ 2023-24 സാമ്പത്തികവർഷത്തിൽ 15,00,000/- രൂപ ലോൺ എടുത്തതിനാൽ സ്ഥിരനിക്ഷേപത്തിന്റെ രസീതി പരിശോധനക്ക് ലഭ്യമായിട്ടില്ല. |
| 4 | തിരൂർ അർബൻ സഹകരണ ബാങ്കിൽ | 26,000 | സാഹിത്യ ക്വിസ്സ് | |

| | | | | |
|---|---|---|---|---|
| | 07.02.2021ന് 10 വർഷത്തേക്ക് നിക്ഷേപം, നമ്പർ: 2202113091653/2 | | (JCI Endowment Prize) | |
| | **ആകെ** | **20,63,200** | | |

2-3 വായ്പ

ഇല്ല.

2-4 രേഖകളുടെ സൂക്ഷിപ്പ്.

തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ 2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ വരവ് ഇനങ്ങളുടെ പരിശോധനയിൽ താഴെ പരാമർശിക്കുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**1) രശീതികളുടെ സൂക്ഷിപ്പ്.**

നിലവിൽ ഉപയോഗിക്കുന്ന രസീത് ബുക്കിൽ ഒറിജിനൽ രസീത് പണമടയ്ക്കുന്ന കക്ഷികൾക്ക് നൽകി ഡ്യൂപ്ലിക്കേറ്റ് അക്കാദമിയിൽ സൂക്ഷിക്കുന്ന തരത്തിലുള്ളതാണ്. സിംഗിൾ സൈഡഡ് കാർബൺ ഉപയോഗിച്ചാണ് രസീത് എഴുതുന്നത്.

കേരള ട്രഷറി കോഡ് ചട്ടം 90എ പ്രകാരം സർക്കാർ ഓഫീസുകളിലും മറ്റ് പൊതു പണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലും ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട രസീതിന്റെ ഒറിജിനൽ ഓഫീസിൽ സൂക്ഷിച്ച് പകർപ്പാണ് പണമടയ്ക്കുന്ന കക്ഷികൾക്ക് നൽകേണ്ടത്. രസീത് എഴുതുമ്പോൾ ഇരുപുറവുമുള്ള കാർബൺ പേപ്പർ ഉപയോഗിക്കണം എന്നും നിർദ്ദേശമുണ്ട്.

സർക്കാർ നിർദ്ദേശിച്ച പ്രകാരം രസീത് ബുക്ക് ഉപയോഗിക്കേണ്ടതാണ്.

**2) കളക്ഷൻ തുക ഒടുക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശം ഇല്ല.**

ട്രസ്റ്റിന്റെ വരവുകൾ ബാങ്കിൽ ഒടുക്ക് വരുത്തുന്നതിന് കൃത്യമായ മാനദണ്ഡമില്ല. ചില ദിവസങ്ങളിൽ കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ അടവാക്കുന്നുണ്ട്. എന്നാൽ ഏതാനും ദിവസങ്ങളിൽ കളക്ഷൻ തുക കൈവശം വയ്ക്കുകയും ഒടുക്ക വരുത്തുന്നതിൽ കാലതാമസം ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടു. പണമടവ് സംബന്ധിച്ച വ്യക്തമായ മാർഗ്ഗ നിർദ്ദേശം ഇല്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് വ്യക്തമാകുന്നത്.

വരവുകൾ ബാങ്കിൽ ഒടുക്കുന്നത് കളക്ഷൻ ലഭിച്ച അന്നോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ആകുന്നതാണ് അഭികാമ്യം. ഇതിനായി ബാങ്കുകളുടെ ഡെയ്‌ലി കലക്ഷൻ ഏജന്റുമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ മാനേജിംഗ് കമ്മിറ്റി വ്യക്തമായ മാർഗ്ഗ നിർദ്ദേശം രൂപീകരിക്കേണ്ടതാണ്.

**3. ക്യാഷ് ബുക്ക്**

കാഷ്ബുക്കിലെ രേഖപ്പെടുത്തലുകൾ എല്ലാ മാസാന്ത്യത്തിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല, വർഷാന്ത്യത്തിൽ റീക്കൺസിലിയേഷൻ നടത്തി വാർഷിക സംഗ്രഹം തയാറാക്കുന്നുമില്ല. വൗച്ചറുകളിൽ വൗച്ചർ നം. രേഖപ്പെടുത്തുന്നുവെങ്കിലും ക്യാഷ് ബുക്കിൽ ചെലവ് ഭാഗത്ത് വൗച്ചർ നം. രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

2-5 വരവ് തുകകൾ ബാങ്കിൽ അടവാക്കാതെ നേരിട്ട് ചെലവഴിക്കുന്നു

രശീതി പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ അടവാക്കാതെ പണമായി കയ്യിൽ സൂക്ഷിക്കുകയും, ടി പണത്തിൽ നിന്ന് നേരിട്ട് ചെലവുകൾ നിർവ്വഹിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിലൂടെ ട്രസ്റ്റിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. എന്നാൽ ഈ രീതി ഇപ്പോഴും തുടർന്ന് വരുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വരവ് തുക (₹)/ തീയതി | അടവാക്കിയ തുക (₹)/ തീയതി |
|---|---|
| 12,464/14.04.2022 | 5,230/16.04.2022 |
| 39,005/09.05.2022 | 15,150/09.05.2022 |

| 39,671/25.11.2022 | 14,700/25.11.2022 |
|---|---|

പിരിച്ചെടുക്കുന്ന തുകകൾ മുഴുവനായി ബാങ്കിൽ അടവാക്കുകയും ചെലവുകൾ ബാങ്ക് അക്കൗണ്ട് മുഖേന നടത്തുകയും ചെയ്യേണ്ടതാണ്.

## 2-6 സ്റ്റാൾ വാടകയിനത്തിൽ PayTm വഴി അടവാക്കിയ 12,000 രൂപ നാളിതു വരെ ബാങ്കിൽ ക്രെഡിറ്റായിട്ടില്ല.

പുസ്തകോത്സവം സ്റ്റാൾ വാടകയിനത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോം ആയ PayTm വഴി 17.02.2023 തീയതിയിൽ DC ബുക്സ് അടവാക്കിയ 12,000/- രൂപ നാളിതു വരെയായിട്ടും ബാങ്കിൽ ക്രെഡിറ്റായിട്ടില്ല. PayTm മാനേജർക്ക് പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെയായിട്ടും നടപടിയൊന്നും ആയിട്ടില്ല. ഡി.സി. ബുക്സ്, ബാങ്ക്, പേടിഎം എന്നിവർക്ക് രേഖാമൂലം കത്തയച്ചും, അനുകൂല നടപടിയുണ്ടായില്ലെങ്കിൽ ബാങ്കിംഗ് ഓംബുഡ്സ്മാന് പരാതി നൽകിയും തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 പ്രവർത്തന രഹിതമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത ചുവടെ ചേർത്തിട്ടുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ക്ലോസ് ചെയ്യണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിലൂടെ കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. എന്നാൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക ട്രസ്റ്റിന്റെ മറ്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാനായിട്ടില്ല. ബാലൻസ് തുക ക്രെഡിറ്റ് ചെയ്യുന്നതിലുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ കാരണമാണ് അക്കൗണ്ട് ക്ലോസ് ചെയ്യാൻ കഴിയാതിരിക്കുന്നതെന്ന് ഓഡിറ്റ് സമയത്ത് അറിയിച്ചു.
അക്കൗണ്ട് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ടിന്റെ പേര് വിവരം | 31.03.2023 തീയതിയിലെ ബാലൻസ് (₹) |
|---|---|---|
| 1 | കോർപറേഷൻ ബാങ്ക് അക്കൗണ്ട് | 4,071 |
| 2 | ട്രഷറി പിഡി. അക്കൗണ്ട് | 2,579 |

അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക ട്രസ്റ്റിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ടി അക്കൗണ്ടുകൾ നിലനിർത്തണമെന്ന് ട്രസ്റ്റ് ആഗ്രഹിക്കുന്ന പക്ഷം ഇടപാടുകൾ നടത്തി ടി അക്കൗണ്ട് സജീവമാക്കി കൊണ്ടു പോകേണ്ടതുമാണ്.

## 2-8 സ്ഥിര നിക്ഷേപം - അക്കൗണ്ട് ചെയ്തതിൽ അപാകത

സാഹിത്യ ക്വിസ് (JCI Endowment prize) ന് വേണ്ടിയുള്ള സ്ഥിര നിക്ഷേപമിനത്തിൽ തിരൂർ അർബൻ സഹകരണ ബാങ്കിൽ 07.02.2021 ന് 10 വർഷത്തെ കാലാവധിയിൽ നിക്ഷേപിച്ചിട്ടുള്ള (നമ്പർ- 2202113091653/2) 26,000/- രൂപയുടെ സ്ഥിര നിക്ഷേപം വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് 13,000/- രൂപയായിട്ടാണ്. 13,000/- രൂപ കുറവായാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തത്. അപാകത പരിഹരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓഡിയോ വിഷ്വൽ സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 01.10.2018 ലെ എ2-4939/18/സാം.വ നമ്പർ ഉത്തരവ് പ്രകാരം തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന് കീഴിൽ പ്രവർത്തിക്കുന്ന തുഞ്ചൻ പറമ്പിലെ കുട്ടികൾക്കുള്ള ബാലസമാജം ലൈബ്രറിയോട് അനുബന്ധിച്ച് ഒരു ഓഡിയോ വിഷ്വൽ സംവിധാനം സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായമായി 18,50,000/- രൂപ അനുവദിച്ചിരുന്നു. തുക കൈപ്പറ്റി 3 മാസത്തിനകം പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം സർക്കാരിനും സാംസ്കാരിക ഡയറക്ടർക്കും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനും അയച്ചു കൊടുക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദേശിച്ചിരുന്നു. ആയത് പ്രകാരം തുഞ്ചൻ സ്മാരക ട്രസ്റ്റിൽ ഓഡിയോ വിഷ്വൽ സംവിധാനം ഒരുക്കുന്നതിന് സി-ഡിറ്റിന്റെ പ്രൊപ്പോസൽ അംഗീകരിക്കുകയും സി-ഡിറ്റിന്റെ ഇൻവോയ്സ് (ഇൻവോയ്സ് നം. VCG/22-23/142, തി- 28.03.2023) പ്രകാരമുള്ള 18,52,246/- രൂപ സി-ഡിറ്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ( RTGS NO. CMS 3202528631/27.03.2023) . എന്നാൽ ചുവടെ ചേർത്തിട്ടുള്ള ഉപകരണങ്ങൾ 01.08.2023 ന് തുഞ്ചൻ സ്മാരകത്തിൽ എത്തിച്ചതല്ലാതെ (ഡെലിവറി ചെലാൻ നമ്പർ-MTS/PKG, തി- 31.07.2023) ഓഡിയോ വിഷ്വൽ സംവിധാനം ഒരുക്കുന്നതിനുള്ള ബാക്കി സാധനങ്ങൾ/ ഉപകരണങ്ങൾ എന്നിവ

നാളിതു വരെ എത്തിക്കുകയോ ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ലഭ്യമായ ചുവടെ ചേർത്തിട്ടുള്ള ഉപകരണങ്ങൾ തുഞ്ചൻ സ്മാരകത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | Sony ILCE-7M4K<br>SONY ALPHA FULL FRAME Hybrid camera 33 MP Interchangeable – lens mirrorless camera with 28-70mm | 1 |
| 2 | Sony KD-32W830K<br>32" HD Ready, high dynamic range (HDR) SMART TV | 8 |
| 3 | Sony 65" Bravia KD-65X75K<br>4K ULTRA HD Smart TV | 1 |
| 4 | SONY HT-S40R SOUND BAR<br>Home cinema with wireless rear Speakers 600W | 1 |

സി-ഡിറ്റ് (പ്രൊഡക്ഷൻ) ഡെപ്യൂട്ടി ഡയറക്ടറുടെ 20.07.2023 ലെ ഇ-മെയിൽ സന്ദേശത്തിൽ 2023 ആഗസ്റ്റ് 10 നുള്ളിൽ മുഴുവൻ ജോലികളും പൂർത്തിയാക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും നാളിതു വരെ ഇക്കാര്യത്തിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല.

ഓഡിയോ വിഷ്വൽ സംവിധാനം സജ്ജീകരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഓഡിറ്റ് ചാർജ്ജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 19(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ - ചട്ടം 24(1) എന്നിവ പ്രകാരം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഓഡിറ്റ് ചാർജ്ജുകൾ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. ജി.ഒ.(പി) നം. 368/2009/ധന, തീയതി. 28.08.2009 പ്രാബല്യത്തിൽ മൊത്തവാർഷികവരുമാനത്തിൽ നിന്നും ഗവൺമെന്റ് ഗ്രാന്റുകളും ഋണശീർഷബാധ്യതകളും ഒഴിച്ചുള്ള വരുമാനത്തിന്റെ 1% ആണ് ഓഡിറ്റ് ചാർജിനത്തിൽ അടവാക്കേണ്ടത്.

അടവാക്കാനവശേഷിക്കുന്ന ഓഡിറ്റ് ചാർജ് "0070-60-110-99 (Audit Fees)" എന്ന അക്കൗണ്ട് ഹെഡിൽ അടവാക്കി ഒറിജിനൽ ട്രഷറി ചലാൻ "ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം" എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. ഓഡിറ്റ് ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | | തുക (₹) |
|---|---|---|
| 2022-23 വർഷത്തെ വരവ് | | 1,01,68,169.00 |
| കുറക്കുക | വാർഷിക ഗ്രാന്റ് | 43,00,000.00 |
| | തിരിച്ചു കിട്ടിയ ഗ്രാന്റ് | 24,09,785.00 |
| | പുസ്തക വിൽപന | 7,88,781.50 |
| | ജി.എസ്.റ്റി – റ്റി.ഡി.എസ് | 31,365.00 |
| | കേന്ദ്ര സാഹിത്യ അക്കാദമി | 41,500.00 |
| | പണമാക്കാത്ത ചെക്ക് | 72,771.00 |
| | എൻഡോവ്മെന്റ് | 36,000.00 |
| ആകെ കുറവ് | | 76,80,202.50 |
| ഓഡിറ്റ് ചാർജിന് കണക്കാക്കുന്ന വരവ് | | 24,87,966.50 |
| **ഓഡിറ്റ് ചാർജ് @ 1%** | | **24,880.00** |

**ഒടുക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ്**

| വർഷം | തുക (₹) |
|---|---|
| 2022-23 | 24,880 |

2017-18 മുതൽ 2021-22 വരെയുള്ള ഓഡിറ്റ് ചാർജ് 1,07,268/- രൂപ ചലാൻ നമ്പർ- KL021752395202324M/17.10.2023 പ്രകാരം ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്.

## 4-2 സാമ്പത്തിക നില

| ഇനം | | | തുക (₹) |
|---|---|---|---|
| മുന്നിരിപ്പ് | ബാങ്ക് | 38,27,456.40 | 78,91,551.40 |
| | ക്യാഷ് | 895.00 | |
| | സ്ഥിരനിക്ഷേപം | 40,63,200.00 | |
| വരവ് | | | 1,01,68,169.00 |
| ആകെ | | | 1,80,59,720.40 |
| ചെലവ് | | | 1,35,61,950.72 |
| നീക്കിയിരിപ്പ് | ബാങ്ക് | 24,34,569.68 | 44,97,769.68 |
| | ക്യാഷ് | 0.00 | |
| | സ്ഥിരനിക്ഷേപങ്ങൾ | 20,63,200.00 | |

**കുറിപ്പ്:** ഖണ്ഡിക 2-8ൽ പരാമർശിച്ച പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ 13,000/- രൂപ കുറവായി വാർഷിക കണക്കിൽ ചേർത്തതിനാൽ ഖണ്ഡികയിൽ ചേർത്ത സാമ്പത്തിക നില, സ്ഥാപനം പരിശോധനക്കായി സമർപ്പിച്ച വരവ് ചെലവ് കണക്കിൽ നിന്നും 13,000/- രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു.

- **ബാങ്ക് നീക്കിയിരിപ്പിന്റെ വിശദ വിവരം**

| ക്രമ നം | ഇനം | തുക (₹) |
|---|---|---|
| 1 | എസ്.ബി.എ. തിരൂർ, 10611588039 | 2,08,760.68 |
| 2 | അർബൻ സഹകരണ ബാങ്ക് ലി.<br>മെയിൻ ബ്രാഞ്ച്, തിരൂർ, 020201330011058 | 9,32,332.00 |
| 3 | കോർപ്പറേഷൻ ബാങ്ക് | 4,071.00 |
| 4 | ട്രഷറി | 12,86,827.00 |
| 5 | ട്രഷറിയിലെ പഴയ കണക്ക് | 2,579.00 |
| | **ആകെ** | **24,34,569.68** |

## 4-3 അനുബന്ധങ്ങൾ

ഈ റിപ്പോർട്ടിനോടൊപ്പം താഴെപ്പറയുന്ന അനുബന്ധങ്ങൾ ചേർത്തിട്ടുണ്ട്.

അനുബന്ധം-1 : 2022-23 വർഷത്തെ വരവ് - ചെലവ് പത്രിക.
അനുബന്ധം-2 : ഓഡിറ്റ് സാക്ഷ്യപത്രം.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

## അനുബന്ധം - 1

## തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂരിന്റെ 2022-23 വർഷത്തെ വരവ് - ചെലവ് പത്രിക

| വരവ് | | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|---|
| **മുന്നിരിപ്പ്** | | | ശമ്പളം | 30,96,458.00 |
| *1. പണം* | *895.00* | | വൈദ്യുതി- ബിൽ | 99,905.00 |
| *2. എസ്.ബി.ഐ* | *4,47,112.40* | | ടെലിഫോൺ-ബിൽ | 23,656.00 |
| *3. അർബൻ സഹകരണ ബാങ്ക്* | *7,73,694.00* | | ഭക്ഷണ ചെലവ് | 12,293.00 |
| *4. കോർപ്പറേഷൻ ബാങ്ക്* | *4,071.00* | 78,91,551.40 | പത്രം വരിസംഖ്യ | 5,000.00 |
| *5. ട്രഷറി* | *26,00,000.00* | | തപാൽ | 11,738.00 |
| *6. ട്രഷറി Old* | *2,579.00* | | സ്റ്റേഷനറി | 7,614.00 |
| 7. സ്ഥിരനിക്ഷേപങ്ങൾ | 40,63,200.00 | | തുഞ്ചൻ ഉത്സവം | 18,10,800.00 |
| ഗവ. മെയിന്റനൻസ് ഗ്രാന്റ് | | 43,00,000.00 | വിദ്യാരംഭം ചെലവ് | 6,44,649.00 |
| മെയിന്റനൻസ് ഗ്രാന്റ് തിരികെ ലഭിച്ചത് | | 24,09,785.00 | കമ്പ്യൂട്ടർ സംരക്ഷണം | 17,079.00 |
| ഫോട്ടോ & വീഡിയോ ഫീസ് | | 2,56,000.00 | പറമ്പ് സംരക്ഷണം | 2,61,150.00 |
| സി ഡിറ്റ് - റ്റി.ഡി.എസ് | | 31,365.00 | കെട്ടിട സംരക്ഷണം | 1,80,448.00 |
| സംഭാവന | | 1,90,866.50 | ബാങ്ക് ചാർജ് | 1,509.22 |
| മ്യൂസിയം ഫീസ് | | 3,28,321.00 | വിൽപ്പന പുസ്തകം വാങ്ങിയത് | 5,62,930.00 |
| പുസ്തക വില്പന | | 7,88,781.50 | യാത്രാ ചെലവ് | 17,039.50 |
| വിദ്യാരംഭം ഫീസ് | | 3,60,150.00 | ഇന്റർനെറ്റ് ബിൽ | 11,600.00 |
| പണമാക്കാത്ത ചെക്കുകൾ | | 72,771.00 | അച്ചടി | 16,600.00 |
| ഫോട്ടോസ്റ്റാറ്റ് വരുമാനം | | 1,975.00 | അലക്ക് കൂലി | 19,680.00 |
| ലൈബ്രറി ഫീസ് | | 45,140.00 | രാമായണ മാസാചരണം | 67,780.00 |
| ബാലസമാജം ലൈബ്രറി ഫീസ് | | 270.00 | ജനറേറ്റർ സംരക്ഷണം | 40,290.00 |
| ഫിക്സഡ് ഡെപ്പോസിറ്റ് പലിശ | | 3,10,796.00 | ഗവേഷണം | 1,000.00 |
| ഓഡിറ്റോറിയം വരവ് | | 4,06,500.00 | പൂന്തോട്ട സംരക്ഷണം | 24,965.00 |
| ബുക്ക് സ്റ്റാൾ വാടക | | 2,61,000.00 | ലൈബ്രറി ചെലവുകൾ | 14,450.00 |
| കേന്ദ്ര സാഹിത്യ അക്കാദമി | | 41,500.00 | ഇലക്ട്രിക്കൽ റിപ്പയർ | 7,440.00 |
| പാഴ്വസ്തുക്കളുടെ വിൽപന | | 6,109.00 | ബാല സമാജം ദിനം | 27,336.00 |
| കേരള സംഗീത നാടക അക്കാദമി | | 50,000.00 | ചിത്രാങ്കണം | 52,083.00 |
| എഴുത്താശാൻ ഫീസ് | | 3,000.00 | എ.സി റിപ്പയർ | 19,766.00 |
| ഭണ്ഡാരം വരവ് | | 67,830.00 | സോളാർ ബാറ്ററി സംരക്ഷണം | 5,590.00 |
| സരസ്വതി മണ്ഡപ ദക്ഷിണ | | 1,59,541.00 | വാട്ടർ പ്യൂരിഫയർ | 2,850.00 |
| പറമ്പിൽ നിന്നുള്ള ആദായം | | 40,455.00 | കാഞ്ഞിരത്തറ നവീകരണം | 2,60,000.00 |
| എൻഡോവ്മെന്റ് | | 36,000.00 | ചുറ്റുമതിൽ നവീകരണം | 1,75,445.00 |
| പലവക | | 13.00 | ഫർണ്ണിച്ചർ | 8,450.00 |
| | | | കെട്ടിട നവീകരണം | 40,01,900.00 |

<table>
<tr><td></td><td></td><td colspan="2">ഓഡിറ്റോറിയം സെക്യരിറ്റി</td><td>5,000.00</td></tr>
<tr><td></td><td></td><td colspan="2">പാത്രങ്ങൾ</td><td>1,740.00</td></tr>
<tr><td></td><td></td><td colspan="2">എസ്.ബി.ഐ – റ്റി.ഡി.എസ്</td><td>17,555.00</td></tr>
<tr><td></td><td></td><td colspan="2">ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ഫീസ്</td><td>35,400.00</td></tr>
<tr><td></td><td></td><td colspan="2">ബുക്ക് സ്റ്റാൾ മെയിന്റനൻസ്</td><td>1,15,379.00</td></tr>
<tr><td></td><td></td><td colspan="2">വിൽപ്പന പുസ്തകം തിരിച്ചുനൽകിയത്</td><td>5,000.00</td></tr>
<tr><td></td><td></td><td colspan="2">സി ഡിറ്റ്- ന് നൽകിയത്</td><td>18,20,881.00</td></tr>
<tr><td></td><td></td><td colspan="2">കാലാവധിയെത്താതെ സ്ഥിര നിക്ഷേപം പിൻവലിച്ചതിനാലുള്ള പിഴത്തുക</td><td>20,137.00</td></tr>
<tr><td></td><td></td><td colspan="2">സി ഡിറ്റ് - റ്റി.ഡി.എസ്</td><td>31,365.00</td></tr>
<tr><td>ആകെ വരവ്</td><td>1,01,68,169.00</td><td colspan="2">ആകെ ചെലവ്</td><td>1,35,61,950.72</td></tr>
<tr><td rowspan="8"></td><td rowspan="8"></td><td><u>നീക്കിയിരിപ്പ്</u></td><td></td><td rowspan="8">44,97,769.68</td></tr>
<tr><td>1. പണം</td><td>0.00</td></tr>
<tr><td>2. എസ്.ബി.ഐ</td><td>2,08,760.68</td></tr>
<tr><td>3. അർബൻ സഹകരണ ബാങ്ക്</td><td>9,32,332.00</td></tr>
<tr><td>4. കോർപ്പറേഷൻ ബാങ്ക്</td><td>4,071.00</td></tr>
<tr><td>5. ട്രഷറി</td><td>12,86,827.00</td></tr>
<tr><td>6. ട്രഷറി Old</td><td>2,579.00</td></tr>
<tr><td>7. സ്ഥിരനിക്ഷേപങ്ങൾ</td><td>20,63,200.00</td></tr>
<tr><td>ആകെ</td><td>1,80,59,720.40</td><td colspan="2">ആകെ</td><td>1,80,59,720.40</td></tr>
</table>

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

## അനുബന്ധം - 2

## ഓഡിറ്റ് സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂരിന്റെ 2022-23 വർഷത്തെ കണക്കുകളുടെ പരിശോധന ഞാൻ നിർവ്വഹിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. പരിശോധനക്ക് ആവശ്യമായ വിവരങ്ങളും വിശദീകരണങ്ങളും ലഭ്യമായതായും എന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് ലഭിച്ച ധനസഹായം നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി താഴെപറയും പ്രകാരം വിനിയോഗിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നം | ഉത്തരവ് നമ്പർ/തീയതി | തുക (₹) | ഉദ്ദേശ്യം | ചെലവഴിക്കാത്ത തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ.ഉ.(സാധാ) നം.600/2022/ CLAD തീ.20.10.2022 | 43,00,000 | പദ്ധതിയേതര ഗ്രാന്റ് | -ഇല്ല- | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

എംഎ.3/2024